നാരായണപരാ: സർവേ ന കുതശ്ചന ബിഭ്യതി
സ്വർഗ്ഗാപവർഗ്ഗനരകേഷ്വപി തുല്യാർത്ഥദർശിന: (6-17-28)
വാസുദേവേ ഭഗവതി ഭക്തിമുദ്വഹതാം നൃണാം
ജ്ഞാനവൈരാഗ്യവീര്യാണാം നേഹ കശ്ചിദ് വ്യപാശ്രയ: (6-17-31)

ശുകമുനി തുടർന്നു: പിന്നീട് കുറേക്കാലം ചിത്രകേതു സുമേരുപർവ്വത സാനുക്കളിൽ വിണ്ണവരായ സ്ത്രീകൾ ഭഗവാൻ വാസുദേവന്റെ മഹിമകൾ പാടുന്നതുകേട്ടു ജീവിച്ചു. ഒരിക്കൽ ആകാശമാർഗ്ഗേ പോവുമ്പോൾ ഭഗവാൻ ശിവൻ കൈലാസപർവ്വതത്തിലിരിക്കുന്നത് കാണായി. മാമുനിമാരും സ്വർഗ്ഗവാസികളും ചുറ്റും കൂടിയിട്ടുമുണ്ട്. പാർവ്വതീദേവി, ശിവന്റെ മടിയിലിരിക്കുന്നു. ഈ കാഴ്ച കണ്ട് ചിത്രകേതു ഉറക്കെ ചിരിച്ചു കൊണ്ടു പറഞ്ഞു. "ഭഗവാൻ പരമശിവനു യോജിച്ച ഒരു കാര്യമാണോ ഒരു സ്ത്രീയെ തുറന്നസഭയിൽവെച്ച് ആലിംഗനം ചെയ്യുക എന്നത്? എന്നിട്ടും അതേ ഭഗവാനാണ് മാമുനിമാർക്ക് ധർമ്മത്തിന്റെ പാതയെ മനസ്സിലാക്കി കൊടുക്കുന്നത്. എന്നാൽ പുറത്താകട്ടെ അദ്ദേഹത്തിന് ഏകാന്തവാസിയെന്ന് പേരുണ്ടുതാനും." ഇതുകേട്ട് പരമശിവനും മുനിമാരും മറുപടിയൊന്നും പറയാതെ പുഞ്ചിരിച്ചതേയുള്ളൂ. എങ്കിലും ശിവസഹധർമ്മിണിയായ പാർവ്വതിക്ക് ദേഷ്യം വരികയും ചിത്രകേതുവിനെ ശപിക്കുകയും ചെയ്തു.

പാർവ്വതി പറഞ്ഞു. "ആരാണീ സ്വർഗ്ഗവാസി ? ഞങ്ങളെ ധർമ്മം പഠിപ്പിക്കാൻ യോഗ്യനായിട്ടുള്ളയാൾ? ഇയാൾ സൃഷ്ടികർത്താവായ ബ്രഹ്മാവിനേക്കാളും മുനിമാരേക്കാളും യോഗ്യനാണോ അവർക്കറിവില്ലാത്ത ധർമ്മസംഹിതകൾ പഠിപ്പിക്കാൻ? ഇയാളുടെ ഔദ്ധത്യത്തിന് യോജിച്ച ശിക്ഷ കൊടുത്തേ മതിയാവൂ. കാരണം ഇത്ര ധിക്കാരിയായ ഒരാൾ ഭഗവാൻ വിഷ്ണുവിന്റെ ഭക്തനാവാൻ യോഗ്യനല്ല. ചിത്രകേതു, നീ ഒരു രാക്ഷസനായി പുനർജനിക്കും. ഭൂമിയിൽ ദുഷ്ടത വിതറി ജീവിച്ച ശേഷം മകനേ, നീ മടങ്ങുമ്പോൾ നിന്നിൽ ധിക്കാരമുണ്ടാവില്ല."

ഈ ശാപം തന്റെ നന്മയ്ക്കു വേണ്ടിയാണെന്ന് ചിത്രകേതുവിനറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹമതിനെ മനസാ സ്വാഗതം ചെയ്തു. അദ്ദേഹം പറഞ്ഞു. "അമ്മേ, അവിടുത്തെ ശാപത്തെ ഞാൻ രണ്ടുകയ്യുംനീട്ടി സ്വീകരിക്കുന്നു. അവിടുത്തെ പാവം പുത്രന്റെ നന്മക്കായിട്ടാണല്ലോ അമ്മ ശാപം തന്നത്? വാസ്തവത്തിൽ അവനവന്റെ ദുഖ:ത്തിന് സ്വയമോ മറ്റുള്ളവരോ കാരണക്കാരല്ല. എന്തെന്നാൽ അതു നിലനിൽക്കുന്നില്ല. ഈ ഭൗതീകലോകത്തിൽ സന്തോഷസന്താപങ്ങളും സ്വർഗ്ഗനരകങ്ങളും തമ്മിലുള്ള വ്യത്യാസം തുലോം അജ്ഞതനിറഞ്ഞതും നിരങ്കുശവുമത്രേ. അതുകൊണ്ട് ശാപമോചനത്തിനായി ഞാൻ പ്രാർത്ഥിക്കുന്നില്ല. എന്നാൽ എനിക്കൊരു പ്രാർത്ഥനയുണ്ട്. എന്റെ ചാപല്യത്തെയും അറിവില്ലായ്മയേയും പൊറുത്ത് മാപ്പു തന്നാലും" മനശ്ചാഞ്ചല്യമില്ലാതെ ചിത്രകേതു പറന്നുപോയി.

പാർവ്വതി, അത്ഭുതസ്തബ്ധയായി. ഭഗവാൻ ശിവൻ വിശദീകരിച്ചു. "പ്രിയേ, ഭഗവാൻ നാരായണന്റെ ഭക്തനായിട്ടുള്ളവർക്ക് യാതൊന്നിനേയും ഒരിടത്തും ഭയപ്പെടേണ്ടതില്ല. സ്വർഗ്ഗനരകങ്ങളിലോ മുക്തിപദത്തിലോ ഒന്നും യാതൊരു വ്യത്യസ്ഥതയും അവർ കാണുന്നില്ല. ശാപവും അനുഗ്രഹവും വ്യത്യസ്ഥഭാവത്തോടെ സ്വീകരിക്കുന്നത് അജ്ഞതയുടെ ലക്ഷണമത്രേ. മോഹിതരായ ആത്മാക്കളാണ് സുഖാന്വേഷികളും ദു:ഖദ്വേഷികളുമായിരിക്കുന്നത്. ഭഗവാൻ വാസുദേവനിൽ ഭക്തരായവർ ഒന്നിനു വേണ്ടിയും കൊതിക്കുന്നില്ല. ചിത്രകേതുവിനു മറുശാപം നൽകാൻ ശക്തിയുണ്ടായിരുന്നിട്ടുകൂടി അയാളതു ചെയ്യാതിരുന്നത് ആ ഭഗവൽഭക്തിയുള്ളതു കൊണ്ടാണ്."

ഈ ചിത്രകേതുവാണ് വൃത്രനായി പിറന്നത്. ഈ പുണ്യകഥ പ്രഭാതവേളയിൽ ചൊല്ലുന്നവന് മുക്തിപദം ലഭ്യമത്രെ.